പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 363 27/06/2012-ലെ മറുപടിയ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ

ചോദ്യം

ശ്രീ.സി.മമ്മൂട്ടി :
ശ്രീ.എം.ഉമ്മർ
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

മറുപടി

ശ്രീ.എ.പി.അനിൽകുമാർ

(പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര കമ്മീഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നല്കുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ ആക്ട് പ്രകാരം 20/2/2008-ൽ ശ്രീ.പി.കെ.ശിവാനന്ദൻ ചെയർമാനായി നിലവിൽ വന്ന ആദ്യ പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷന്റെ കാലാവധി 19/2/11-ൽ അവസാനിച്ചു. പ്രസ്തുത കാലയളവിൽ കമ്മീഷൻ 41 സിറ്റിംഗുകൾ നടത്തുകയും ലഭിച്ച 5449 പരാതികളിൽ 3878 പരാതികളിൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തുകയും, അപ്രകാരം ലഭിച്ച 2736 പരാതികളിൽ 1993 പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. 16/5/2008-ൽ അട്ടപ്പാടിയിൽ വച്ച് നടത്തിയ അദാലത്തിൽ പങ്കെടുത്തവർക്കും, 14/3/08-ൽ കോഴിക്കോട് കിർത്താഡ്സിൽ വച്ച് നടത്തിയ ക്ലാസ്സിൽ 100-ഓളം പഞ്ചായത്ത് പ്രസിഡന്റ്/മെമ്പർമാർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ (നിരോധന) നിയമത്തെക്കുറിച്ചും സിവിൽ റൈറ്റ്സ് സംരക്ഷണ നിയമത്തെക്കുറിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന നിയമപരിരക്ഷയെക്കുറിച്ചും അവബോധം നൽകുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻ ചെയർമാനും അംഗങ്ങളും പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളും, കോളനികളും സന്ദർശിക്കുകയും കോളനി നിവാസികളിൽ നിന്നും കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രൊമോട്ടർമാരുടെ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും, സേവന മനോഭാവത്തോടെ തങ്ങളുടെ ജോലി ചെയ്യുവാൻ അവരെ ഉത്ബോധിപ്പി- |

| | | | |
|---|---|---|---|
| | | | ക്കുയും ചെയ്യിട്ടുണ്ട്. തൃശ്ശൂർ അടാട്ട് ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ വിവിധ ഗ്രാമപഞ്ചായത്തുകൾ സന്ദർശിക്കുകയും, പ്രത്യേക ഘടക പദ്ധതിയനുസരിച്ചുള്ള പദ്ധതി നടത്തിപ്പും ഫണ്ട് വിനിയോഗവും പരിശോധിക്കുകയും, വിലയിരുത്തുകയുമുണ്ടായി. ആറളം ഫാം സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യിട്ടുണ്ട്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാജ മദ്യ വില്പന വ്യാപകമാണെന്ന പരാതിയിൽ കമ്മീഷന്റെ ശക്തവും ഫലപ്രദവുമായ ഇടപ്പെടൽ മൂലം റെയിഡുകൾ നടത്തുകയും വ്യാജ മദ്യ കേസ്സുകൾ പിടിക്കുകയുമുണ്ടായി. പട്ടികജാതി വകുപ്പുകളുടെ കീഴിലുള്ള വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, എന്നിവ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി കഴിഞ്ഞ രണ്ടു വർഷക്കാലത്ത് നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ കമ്മീഷൻ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാനപ്പെട്ട കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് കമ്മീഷൻ നല്കിയ ശുപാർശകളുടെ വിശദ വിവരം നല്കുമോ? | (സി) | അപ്രകാരം ശുപാർശകളൊന്നും കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ